**(24.07.2018)**

# ചെറുചിത്രങ്ങളുടെ സൗന്ദര്യക്കാഴ്ചകൾക്ക് കൊടിയിറക്കം

206 ചിത്രങ്ങൾ. വ്യത്യസ്തതരം ചിന്തകൾ. വൈവിധ്യമാർന്ന കാഴ്ചപ്പാടുകൾ. അഞ്ച് ദിവസം നീണ്ട ലഘുസിനിമകളെക്കുറിച്ചുള്ള പുതുമയാർന്ന സൗന്ദര്യക്കാഴ്ചകൾ അവസാനിക്കുന്നത് ഇങ്ങനെ. പലസ്തീൻ, പാകിസ്ഥാൻ, ശ്രീലങ്ക, ഇറാൻ തുടങ്ങിയ 33 രാജ്യങ്ങളിൽ നിന്നുള്ള അഭ്രക്കാഴ്ചകൾക്കാണ് തിരശ്ശീല വീണത്. ചലച്ചിത്രങ്ങൾക്ക് തുല്യമായ ആശയങ്ങളാണ് തങ്ങളുടെ ചിത്രങ്ങൾക്കുമെന്ന് യുവസംവിധായകർ ലഘുചിത്രങ്ങളിലൂടെ തെളിയിച്ചപ്പോൾ കാണികൾ ആർത്തിരമ്പി സ്വീകരിച്ചു.

ഇറാനിയൻ സാമൂഹിക ജീവിതത്തിന്റെ നേർക്കാഴ്ച ഒരുക്കിയ പേർഷ്യൻ ടെയിൽസ്, ഫോക്കസ് വിഭാഗത്തിലെ ചിത്രങ്ങൾ, ആനന്ദ് പട്‌വർദ്ധന്റെ ഡോക്യുമെന്ററികൾ, ലതാമണി, ഇന്ദിരാസെൻ, റഊദ് അന്റോണി തുടങ്ങിയവരുടെ ചിത്രങ്ങൾ മേളയിൽ സജീവസാന്നിദ്ധ്യമായി. ബി.ടി അനിൽകുമാർ രചിച്ച മിഡ്‌നൈറ്റ് റൺ, പർവേസ് മുഷാറഫിന്റെ ജീവിതം പ്രമേയമാക്കിയ ഇൻഷാ അള്ളാഹ് ഡെമോക്രസി, ആഷാദ് ശിവരാമന്റെ ദേഹാന്തരം, അരോൾഡ് ആന്റണി പോൾസന്റെ കുഴിമന്തി, അരികര സുതന്റെ ഉള്ളംകൈയിൽ നെല്ലിക്കനി തുടങ്ങിയ ചിത്രങ്ങൾ പ്രേക്ഷകമനസ്സുകൾ കീഴടക്കി. ക്യാമ്പസ് ചിത്രങ്ങളായ ബ്രിഡ്ജ്, ഹെജിമണി, ഇട, നായാട്ട്, പകൽകിനാവ്, ഒരുക്കം എന്നിവ വേറിട്ട ചിന്തകളും കാഴ്ചപ്പാടുകളും അവതരിപ്പിച്ചു.

എതിരഭിപ്രായങ്ങളെ കൊലപ്പെടുത്തുന്ന സംഘപരിവാറിനെതിരെയുള്ള ആശയപ്രചാരണവേദി കൂടിയായിരുന്നു പതിനൊന്നാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചിത്രമേള. മതനിരപേക്ഷത നിലനിർത്തണമെന്ന ആഹ്വാനമായിരുന്നു മേളയോട് അനുബന്ധിച്ചുള്ള ചർച്ചകളും മുഖാമുഖങ്ങളും. ഒരു സംഘടനയുടെ ഭീഷണിയെ തുടർന്ന് ഖണ്ഡശ പ്രസിദ്ധീകരണം നിർത്തിവെച്ച എസ് ഹരീഷിന്റെ 'മീശ' എന്ന നോവലിന് മേളയിലെത്തിയവർ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

ആനന്ദ് പട് വർദ്ധൻ, കവിതാ ലങ്കേഷ്, രാകേഷ് ശർമ്മ, റഊദ് അന്റോണി എന്നിവരുടെ സാന്നിദ്ധ്യവും ശ്രദ്ധേയമായി.

# കലാകാരൻ ആക്ടിവിസ്റ്റ് ആകണമെന്ന നിർബന്ധമില്ല : പീയുഷ് ഷാ

കലാകാരൻമാർ ആക്ടിവിസ്റ്റാകണമെന്ന് നിർബന്ധമില്ലെന്ന് ദ തേർഡ് ഇൻഫിനിറ്റിയുടെ സംവിധായകൻ പീയുഷ് ഷാ. ആക്ടിവിസ്റ്റുകൾക്ക് എപ്പോൾ വേണമെങ്കിലും കലാസൃഷ്ടികളിൽ ഏർപ്പെടാമെന്നിരിക്കെ സൃഷ്ടികളിൽ ആക്ടിവിസമുണ്ടാകണമെന്ന് നിർബന്ധിക്കരുതെന്നും അദ്ദേഹം വ്യക്തമാക്കി.

24 മണിക്കൂർ വാർത്താ ചാനലുകളുടെ കാലത്ത് യാഥാർഥ്യങ്ങളെ ആവർത്തിച്ച് പറയണമെന്ന് നിർബന്ധമില്ലെന്ന് റിട്ടേണിങ് ടു ദ ഫസ്റ്റ് ബീറ്റിന്റെ സംവിധായിക സുരഭി ശർമ്മ പറഞ്ഞു.അസാന്നിധ്യങ്ങളെ ദൃശ്യവൽക്കരിക്കുകയാണ് തന്റെ രീതിയെന്നും സുരഭി ശർമ്മ വ്യക്തമാക്കി. പുറമെയുള്ള യാത്രയെക്കാളും പ്രധാനം ആന്തരികമായ യാത്രയാണെന്ന് വാർത്താസമ്മേളനത്തിൽ പങ്കെടുത്ത സഫർ ന്റെ സംവിധായകൻ ശശാങ്ക് വിരാഗ് പറഞ്ഞു. സംവിധായകരായ പ്രമതി ആനന്ദ്, ഫാസിൽ എൻ.സി, സുമന്ത് കുടുവള്ളി,ഹരോൾഡ് ആന്റണി പോൾസൺ, ജോർജി എബ്രഹാം, ശ്രേയസ് ദശരധെ, സമർത്ഥ് മഹാജൻ തുടങ്ങിയവർ പങ്കെടുത്തു.

തുടരും